**കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാല**
**ഡയറക്ടറേറ്റ് ഓഫ് അക്കാദമിക്സ് ആൻഡ് റിസർച്ച്**
**പൂക്കോട്, ലക്കിടി. പി. ഒ., വയനാട് – 673 576**
**ഇ-മെയിൽ: dar@kvasu.ac.in, officedar@kvasu.ac.in.**
**വെബ്സൈറ്റ്: www.kvasu.ac.in, ഫോൺ: 04936 209263, 209270, 209269**

നം: കെ.വി.എ.എസ്.യു/ഡി.എ.ആർ/അക്കാദ്/ബി 1/34839/2022 (i) പൂക്കോട് , തീയതി: 14/10/2022

# <u>വിജ്ഞാപനം</u>

വിഷയം: കെ.വി.എ.എസ്.യു- സർവ്വകലാശാലയിലെ തൊഴിലാളികളുടെ മക്കൾക്ക് ബി.ടെക് കോഴ്സിന് സംവരണം ചെയ്തിട്ടുള്ള സൂപ്പർന്യൂമററി സീറ്റുകളിലേക്കുള്ള 2022 -23 അധ്യയന വർഷത്തെ പ്രവേശനം - സംബന്ധിച്ച്.

സൂചന: സർവ്വകലാശാലയുടെ 22 /12/2015 തീയതിയിലെ കെ.വി.എ.എസ്.യു/ഡി.എ.ആർ/അക്കാദ്/ബി 1 / 13108 /2015 (ix) നമ്പർ ഉത്തരവ്.

കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാലയിലെ സ്ഥിരം തൊഴിലാളികളുടെ മക്കൾക്കായി ബി.ടെക് (ഡയറി ടെക്നോളജി) കോഴ്സിനും ബി.ടെക് (ഫുഡ് ടെക്നോളജി) കോഴ്സിനും സംവരണം ചെയ്തിരിക്കുന്ന ഓരോ സൂപ്പർ ന്യൂമററി സീറ്റുകളിലേക്ക് 2022-23 അധ്യയന വർഷത്തേക്ക് അർഹരായ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. സ്ഥിരം തൊഴിലാളികളുടെ മക്കളുടെ അഭാവത്തിൽ താൽക്കാലിക തൊഴിലാളികളുടെ മക്കളെ പരിഗണിക്കുന്നതാണ്.

യോഗ്യത :

- മാത്തമാറ്റിക്സിന് മാത്രമായി പ്രത്യേകം 50% മാർക്ക് നേടുകയും മാത്തമാറ്റിക്സ്, ഫിസിക്സ് കെമിസ്ട്രി എന്നീ വിഷയങ്ങളിൽ ചേർന്ന് 50% മാർക്കോടെ കേരള ഹയർ സെക്കൻഡറി പരീക്ഷ അല്ലെങ്കിൽ തത്തുല്യ പരീക്ഷ വിജയിച്ചവർക്ക് അപേ ക്ഷിക്കാം.

- അപേക്ഷകർ 2022 ലെ KEAM പരീക്ഷയിൽ യോഗ്യത നേടിയവർ ആയിരിക്കണം. റാങ്ക് അടിസ്ഥാനത്തിലാണ് പ്രവേശനം നടത്തുക

അപേക്ഷകർ www.kvasu.ac.in എന്ന വെബ്സൈറ്റിൽ നിന്നും അപേക്ഷ ഫോറവും ഇതിനായുള്ള സർട്ടിഫിക്കേ റ്റും ഡൗൺലോഡ് ചെയ്യേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷകൾ **"ഡയറക്ടർ ഓഫ് അക്കാദമിക്സ് & റിസർച്ച്, കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി** "എന്ന പേരിൽ എസ് ബി ഐ കൽപ്പറ്റ ശാഖയിൽ മാറാവുന്ന **1000/- രൂപയുടെ** (എസ്.സി/ എസ്.ടി വിദ്യാർത്ഥികൾക്ക് **500/-രൂപ)** ഡിമാൻഡ് ഡ്രാഫ്റ്റ്, കീം പോർട്ടലിൽ നിന്നു ലഭിക്കുന്ന **CANDIDATE'S DATA SHEET**, പത്താം ക്ലാസിലേയും പ്ലസ്ടുവി ലേയും സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, സർവ്വകലാശാലയിലെ തൊഴിലാളിയുടെ മകനാണെന്ന് ബന്ധപ്പെട്ട സ്റ്റേഷൻ/ഫാം മേധാവി സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് എസ്.സി/ എസ്.ടി. വിദ്യാർത്ഥികൾ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് എന്നിവ സഹിതം <u>**ഡയറക്ടർ ഓഫ് അക്കാദമിക്സ് ആൻഡ് റിസർച്ച്, കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, പൂക്കോട്, ലക്കിടി പി.ഒ. വയനാട്-673576**</u> എന്ന മേൽ വിലാസത്തിൽ അയക്കേണ്ടതാണ്. അപേക്ഷ കവറിൻറെ പുറത്ത് "ബി.ടെക് കോഴ്സിൻറെ സൂപ്പർ ന്യൂമററി സീറ്റിലേക്കുള്ള അപേക്ഷ" എന്ന് രേഖപ്പെടുത്തിയിരിക്കണം.

**അപേക്ഷ നൽകേണ്ട അവസാന തീയതി: 24/10/2022.**

**ഒപ്പ് /-**
**രജിസ്ട്രാർ**